2010, ഖുത്ബ നമ്പര്‍-44

بسم الله الرحمن الرحيم

29.10.2010
ബൈതുല്‍ ഫുതൂഹ്
ലണ്ടന്‍

اِنَّ اللّٰهَ لَا يَغۡفِرُ اَنۡ يُّشۡرَكَ بِهٖ وَيَغۡفِرُ مَا دُوۡنَ ذٰلِكَ لِمَنۡ يَّشَآءُ ۚ وَمَنۡ يُّشۡرِكۡ بِاللّٰهِ فَقَدِ افۡتَرٰٓى اِثۡمًا عَظِيۡمًا ﴿٤٩﴾ (4:49)

ഈ ആയത്തിന്റെ തര്‍ജ്ജമ ഇപ്രകാരമാണ്. നിശ്ചയമായും അല്ലാഹു തന്നോട് പങ്ക് ചേര്‍ക്കുന്നത് പൊറുത്തുകൊടുക്കുകയില്ല. അതിനു പുറമെയുള്ളതിനെ താന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് അല്ലാഹു പൊറുത്തുകൊടുക്കുന്നു. ഏതൊരാള്‍ അല്ലാഹുവിനോട് പങ്ക് ചേര്‍ക്കുന്നുവോ നിശ്ചയമായും അവന്‍ കടുത്ത പാപമാണ് കെട്ടിച്ചമക്കുന്നത്.

പുതിയ പുതിയ കണ്ടുപിടുത്തങ്ങള്‍ കാരണമായി മനുഷ്യര്‍ തമ്മില്‍ അടുത്തുകൊണ്ടിരിക്കുകയാണ്. ഒരു നാടിന്റെ കണ്ടുപിടുത്തത്തില്‍ നിന്ന് 1000 കിലോമീറ്റര്‍ ദൂരത്തുള്ള മറ്റുള്ള രാജ്യങ്ങളും ഫലമെടുത്തു കൊണ്ടിരിക്കുകയും ചെയ്യുന്നു. പരസ്പരമുള്ള ബന്ധം പുരോഗതിയുടെ വാതില്‍ തുറന്നു കൊടുക്കുന്നതോടൊപ്പം തന്നെ മനുഷ്യന്‍ മറ്റുള്ളവരുടെ തിന്മ കരസ്ഥമാക്കുന്നതിലേക്കും വളരെ വേഗത്തില്‍ അടുത്തുകൊണ്ടിരിക്കുകയാണ്. തിന്മ മനുഷ്യരെ ആകര്‍ഷിക്കുന്നു. അതു കാരണമായി മനുഷ്യര്‍ തിന്മ പ്രവര്‍ത്തിക്കാന്‍ വേഗത കാണിക്കുന്നു. ചിലപ്പോള്‍ അതില്‍ ആവേശവും കാണിക്കുന്നു. ആ സമയത്ത് അവന്‍ എല്ലാം മറന്നു പോകുന്നു. അവന്‍ ആരാണെന്നും എന്തിനെയാണ് പിന്‍പറ്റുന്നത് എന്നും ഏത് ചുറ്റുപാടുകളില്‍ നിന്നാണ് അവന്‍ പുരോഗതി പ്രാപിച്ചതെന്നും ഏത് മതവുമായിട്ടാണ് ബന്ധപ്പെട്ട് നില്‍ക്കുന്നത് എന്നും അവന്‍ മറക്കുന്നു. അല്ലാഹു എന്താണ് ഇഷ്ടപ്പെടുന്നത് എന്നും എന്താണ് ഇഷ്ടപ്പെടാത്തത് എന്നും, മുസ്‌ലിം ആയിട്ടുകൂടി തന്റെ ജീവിതോദ്ദേശ്യം എന്താണെന്നുപോലും അവന്‍ മറന്നുപോകുന്നു. ചുരുക്കത്തില്‍ ഭൗതികതയില്‍ മുഴുകി മോഡേണ്‍ ആവാനുള്ള ആഗ്രഹം കാരണമായി ദീനില്‍ നിന്നും ദൂരപ്പെട്ടുപോകുന്നു. മതവുമായി നല്ല രീതിയില്‍ ബന്ധപ്പെടുന്ന ആളുകളില്‍ നിന്നും ഇത് സംഭവിക്കുന്നു. ഇങ്ങേയറ്റം ചില അഹ്മദികളും ചില കാര്യങ്ങള്‍ നിസാരമാണെന്ന് കരുതി ചെയ്യുന്നു. അതിന്റെ മോശമായ റിസല്‍റ്റ് ഉണ്ടാകുന്നു. മനുഷ്യന്‍ അറിയാതെ കണ്ട് തിന്മയില്‍ അകപ്പെട്ടു പോകുകയും ചെയ്യുന്നു.

അല്ലാഹു ഒരിക്കലും പൊറുത്തു കൊടുക്കാത്ത തിന്മ ശിര്‍ക്ക് അഥവാ ബഹുദൈവാരാധനയാണ്. ഞാന്‍ പാരായണം ചെയ്ത ആയത്തില്‍ നിന്ന് മനസ്സിലായതുപോലെ അല്ലാഹുവിന്റെ തൗഹീദിന് വിരുദ്ധമായ നിസാരമായ കാര്യമായാല്‍ പോലും അല്ലാഹു അത് സ്വീകരിക്കുകയില്ല. ചുരുക്കത്തില്‍ തൗഹീദില്‍ അടിയുറച്ചു നില്‍ക്കുന്നതാണെന്ന് വാദിക്കുന്ന ഒരു മുസ്‌ലിം തൗഹീദിന്റെയും ശിര്‍ക്കിന്റെയും ലോലമായ കാര്യങ്ങള്‍ മനസ്സിലാക്കിക്കൊണ്ട്, തൗഹീദിനെ സംബന്ധിച്ച് ലവലേശം വിലകല്‍പ്പിക്കാത്ത പുരോഗതി പ്രാപിച്ച ഈ കാലഘട്ടത്തില്‍ വളരെ ശ്രദ്ധിച്ച് കാലടികള്‍ എടുത്ത് വെക്കേണ്ടതായി വരും. പ്രത്യേകിച്ച് അഹ്മദീമുസ്‌ലീംകളായ നാം കാലത്തിന്റെ ഇമാമിനോട് ശിര്‍ക്ക് ചെയ്യില്ല എന്ന നിബന്ധനയോട് കൂടിയാണ് ബൈഅത്ത് ചെയ്തതെന്ന കാര്യം എപ്പോഴും ഓര്‍മ്മ വെക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഈ നിബന്ധനയെയാണ് ഒന്നാമത്തെ നിബന്ധനയായി വെച്ചിട്ടുള്ളത്. നിബന്ധന ഇപ്രകാരമാണ്, ബൈഅത്ത് ചെയ്യുന്ന വ്യക്തി മരണം വരിക്കുന്നത് വരെ ശിര്‍ക്കില്‍ നിന്ന് വിട്ട് നില്‍ക്കേണ്ടതാണ്. ചുരുക്കത്തില്‍ അഹ്മദിയ്യത്ത് അഥവാ യഥാര്‍ത്ഥ ഇസ്‌ലാമിലേക്ക് പ്രവേശിക്കുന്നതിനുള്ള ആദ്യത്തെ നിബന്ധനയാണിത്. മുസ്‌ലിംകള്‍ ആദ്യമേ തന്നെ കലിമ لَآ اِلٰهَ اِلَّا اللّٰهُ എന്ന് ചൊല്ലാറുണ്ടല്ലോ എന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കില്‍ അവര്‍ കലിമ ചൊല്ലുന്നുണ്ട് എന്നത് ശരി തന്നെയാണ്. പക്ഷെ അഹ്മദികള്‍ മുസ്‌ലിംകളെ യഥാര്‍ത്ഥ ഇസ്‌ലാമിലേക്ക് കൊണ്ടുവരേണ്ടവരാണ്. അതുപോലെതന്നെ അമുസ്‌ലിംകളെയും നിരീശ്വരവാദികളേയും യഥാര്‍ത്ഥ ഇസ്‌ലാമിലേക്ക് കൊണ്ടുവരേണ്ടവരാണ്. അതുകൊണ്ട് ശിര്‍ക്ക് എന്നത് ആദ്യത്തെ നിബന്ധനയായി പറഞ്ഞു. ഒരു മുസ്‌ലിം لَآ اِلٰهَ اِلَّا اللّٰهُ എന്ന കലിമ ഉച്ചരിക്കുമ്പോള്‍ വളരെ ശക്തിയായ നിലയില്‍ ശിര്‍ക്കിനെ നിഷേധിക്കുന്നു. പക്ഷെ ഇതുണ്ടായിട്ടും മുസ്‌ലിംകളില്‍ ശിര്‍ക്കെഖെഫി (മറഞ്ഞുകിടക്കുന്ന ശിര്‍ക്ക്) കാര്യമാക്കാറില്ല. പറയാന്‍ ഇത് വളരെ എളുപ്പമുള്ള കാര്യമാണ്. മുസ്‌ലിംകള്‍ അഹ്മദിയ്യത്തിലേക്ക് പ്രവേശിക്കുമ്പോള്‍ ഇത് വലിയൊരു നിബന്ധനയല്ലെന്നു പറയാം. എന്നാല്‍ ഞാന്‍ പറഞ്ഞതുപോലെ ഇതിനെക്കുറിച്ച് നാം ചിന്തിക്കുമ്പോള്‍ മുസ്‌ലിംകളില്‍ പലരും ബാഹ്യമായ ശിര്‍ക്ക് ചെയ്യുന്നില്ലെങ്കിലും രഹസ്യമായ ശിര്‍ക്ക് ചെയ്യുന്നവരായിരിക്കും. ഒരു വിഭാഗം കബറില്‍ പോയി കുമ്പിട്ടുകൊണ്ട് കബറിനെ ആരാധിക്കുന്നു. വേറൊരു കൂട്ടര്‍ കുമ്പിടുന്നില്ലെങ്കിലും വിളക്കുകള്‍ കത്തിച്ചുകൊണ്ട് രഹസ്യമായി ശിര്‍ക്ക് ചെയ്യുന്നു. മൂന്നാമത്തെ കൂട്ടര്‍ കബറില്‍ പോയി ദുആ ചെയ്യുന്നുവെങ്കിലും അല്ലാഹുവിനോട് ചോദിക്കാതെ ഏതൊരു പീര്‍ ഫക്കീറിന്റെ കബറില്‍ നിന്നുകൊണ്ടാണോ ദുആ ചെയ്യുന്നത് അദ്ദേഹത്തോട് ചോദിക്കുന്നു. ഇത്തരത്തിലുള്ള ധാരാളം സംഭവങ്ങള്‍ ഇന്നും നടക്കുന്നു. ചില സ്ത്രീകള്‍ പറയുന്നു: നാം അല്ലാഹുവിനോട് മകനെ തരേണമേ എന്ന് ദുആ ചെയ്തപ്പോള്‍ മകനെ തന്നില്ല. എന്നാല്‍ ദാദാ സാഹിബിന്റെ കബറില്‍ പോയി ദുആ ചെയ്തപ്പോള്‍ മകനെ തന്നു. അധിക സ്ത്രീകളും വിശ്വാസത്തില്‍ ബലഹീനരാണ്. പൊതുവില്‍ മുസ്‌ലിംകളില്‍ നമസ്കാരത്തിലും ആരാധനകളിലും ശ്രദ്ധയില്ലാതെ വന്നിരിക്കുന്നു. അതുകൊണ്ട് സ്ത്രീകളില്‍ പ്രത്യേകിച്ചും പുരുഷന്മാരില്‍ പൊതുവിലും ഇത്തരം സംഭവം നടക്കുന്നതുകൊണ്ട് അല്ലാഹുവിലുള്ള വിശ്വാസം ബലഹീനമായി പോകുന്നു. ചിലപ്പോള്‍ ഇല്ലാതെയായിത്തീരുന്നു. എന്നാല്‍ ദാദാ സാഹിബിലോ അല്ലെങ്കില്‍ മറ്റ് വല്ല പീര്‍ ഫക്കീറിലുള്ള വിശ്വാസം അല്ലാഹുവിനേക്കാള്‍ അധികമുണ്ടാകുന്നു. ഇതില്‍ സ്ത്രീകളും പുരുഷന്മാരും രണ്ട്പേരും തുല്ല്യമായി പങ്കാളികളാകുന്നു. എല്ലാവര്‍ക്കും അഞ്ച്

നേര നമസ്കാരം ഒരു ഭാരമായി തോന്നുന്നു. കബറുകളിൽ പോയി ദുആ ചെയ്യുകയും ആവശ്യങ്ങൾ ചോദിക്കുകയും ചെയ്തുകൊണ്ട് തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് അവർ എളുപ്പമുള്ള മാർഗ്ഗമായി കരുതുന്നത്. ഈ കാര്യം ഒരു തലമുറക്ക് ശേഷം അടുത്ത തലമുറയിലേക്ക് വ്യാപിക്കുന്നു. തന്നിമിത്തം അവരിൽ അല്ലാഹുവിലുള്ള വിശ്വാസം പതുക്കെ പതുക്കെ ഇല്ലാതെയായിത്തീരുന്നു.

ഒരു ഹിന്ദു കവിയുടെ പദ്യം എന്റെ ദൃഷ്ടിയിൽ പെടുകയുണ്ടായി. അദ്ദേഹം മുസ്‌ലിംകളിൽ ഇത്തരം അനാചാരങ്ങൾ കണ്ടപ്പോൾ ഒരു പദ്യം എഴുതാൻ ധൈര്യപ്പെട്ടു. അദ്ദേഹം എഴുതി; നാം ദേവീ ദേവതയെ പൂജിക്കുന്നുണ്ടെങ്കിൽ മുസ്‌ലിംകൾ പീർമാരുടെ കബറിന് സുജൂദ് ചെയ്യുന്നു; അവരെ പൂജിക്കുന്നു. നബി ﷺ നെ അല്ലാഹുവായി ചിത്രീകരിക്കുന്നു എന്നുവരെ ആ ഹിന്ദു എഴുതുകയുണ്ടായി. നഊദുബില്ലാഹ്. ഇതൊരു ആക്ഷേപം മാത്രമാണ്. വളരെ വെറുക്കപ്പെട്ട ആക്ഷേപമാണ്. നബികരീം ﷺ നേക്കാൾ കൂടുതൽ തൗഹീദിനെ പ്രചരിപ്പിക്കുന്ന ആൾ വേറെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല. അദ്ദേഹത്തേക്കാൾ കൂടുതൽ തൗഹീദിന്റെ ജ്ഞാനം കരസ്ഥമാക്കിക്കൊണ്ട് തന്നിൽ തൗഹീദിനെ സ്ഥാപിച്ച ഒരാളും വേറെയില്ല; ഇനി ഉണ്ടാവുകയുമില്ല. എല്ലാ കാര്യങ്ങളിലും അല്ലാഹുവിന് മുൻഗണന നൽകുന്ന വ്യക്തിക്ക് മാത്രമേ, തൗഹീദിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. നബി ﷺ യേക്കാളും കൂടുതലായി ആരാണ് അല്ലാഹുവിന് മുൻഗണന നൽകുകയും അത് കരസ്ഥമാക്കാൻ വേവലാതിപ്പെടുകയും ചെയ്യുന്നത്. നുബുവ്വത്തിന് മുമ്പ് തന്നെ ഇതിന് ചരിത്രം സാക്ഷിയാണ്. ഒറ്റക്ക് മണിക്കൂറുകളോളം ആരാധനയിൽ മുഴുകാറുണ്ടായിരുന്നു. നബി ﷺ ന്റെ ഒരു ദുആയുണ്ട്. ആ ദുആ തന്നെ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാൻ നബി ﷺ എത്രമാത്രം വേവലാതിപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കിത്തരുന്നു. അദ്ദേഹം തന്റെ യജമാനനായ അല്ലാഹുവിന്റെ സന്നിധിയിൽ വേദനയോടുകൂടി ഇപ്രകാരം ദുആ ചെയ്യുന്നു. ***അല്ലാഹുമ്മർസുഖ്നീ ഹുബ്ബക്ക വഹുബ്ബ മൻ യൻഫഊനീ ഹുബ്ബുഹു ഇൻദക അല്ലാഹുമ്മ മാ റസഖ്തനീ മിമ്മാ ഉഹിബ്ബു വജഅൽഹു ഖുവ്വത്തല്ലീ ഫീമാ തുഹിബ്ബു വമാ സവയ്ത്ത അന്നീ മിമ്മാ ഉഹിബ്ബു വജഅൽഹു ഫറാഗൻ ലീ ഫീമാ തുഹിബ്ബു.*** അല്ലാഹുവേ, നിന്റെ സ്നേഹം എനിക്ക് നൽകേണമേ. ഏതൊരു സ്നേഹം നിന്റെ സന്നിധിയിൽ പ്രയോജനപ്രദമാണോ അതിനോടുള്ള സ്നേഹം നീ എനിക്ക് നൽകേണമേ. അല്ലാഹുവേ നിനക്ക് ഇഷ്ടപ്പെട്ടിട്ടുള്ള വസ്തുക്കൾ എനിക്ക് നൽകുകയും അതുമുഖേന എനിക്ക് ശക്തി നൽകുകയും ചെയ്യേണമേ. നിന്റെ സ്നേഹം വർദ്ധിക്കുന്നതിനുള്ള നിമിത്തമാക്കേണമേ. വിശ്വാസത്തിൽ പുരോഗതി പ്രാപിക്കുന്നതിനുള്ള നിമിത്തമാക്കേണമേ. എനിക്ക് ഇഷ്ടപ്പെട്ടിട്ടുള്ള വസ്തുക്കൾ എന്നിൽ നിന്ന് വേർപെടുത്തുകയും അതിനുപകരം നിനക്ക് ഇഷ്ടപ്പെട്ടിട്ടുള്ള വസ്തുക്കൾ എനിക്ക് നൽകുകയും ചെയ്യേണമേ. ചുരുക്കത്തിൽ നബി ﷺ അല്ലാഹുവിനോട് ഏതെങ്കിലും വസ്തുവിനോടുള്ള സ്നേഹം ആവശ്യപ്പെടുന്നുവെങ്കിൽ അല്ലാഹുവിന് ഇഷ്ടമുള്ള വസ്തുക്കളെയാണ് ആവശ്യപ്പെടുന്നത്. ആ വസ്തുക്കൾ അല്ലാഹുവിന്റെ സ്നേഹത്തിലും ദീനിലും വർദ്ധനവ് ഉണ്ടാകുന്നതിന് കാരണമായി മാറേണമേ എന്ന് ദുആ ചെയ്തുകൊണ്ടാണ് ആവശ്യപ്പെടുന്നത്. ചിലർ പറയാറുള്ളത് ഞങ്ങൾ പീർ ഫക്കീർമാരുടെ കബറിൽ പോകുന്നത് അവർ അല്ലാഹുവിന്റെ സ്നേഹഭാജനമായിരുന്നതുകൊണ്ടാണ്. ഈ കാര്യത്തെക്കുറിച്ചും വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു. അതായത് ബിംബങ്ങളെ ആരാധിക്കുന്നവരും ഈ കാര്യം തന്നെയാണ് പറയാറുള്ളത്. ഇവർ മുഖേന ഞങ്ങൾക്ക് അല്ലാഹുവിന്റെ സന്നിധിയിൽ എത്താൻ സാധിക്കുന്നു. ഇത് തികച്ചും തെറ്റായ കാര്യമാണ്. പീർ ഫക്കീർമാരുടെ കബറിൽ പോയി ദുആ ചെയ്യുമ്പോൾ ശിർക്കിൽ നിന്ന് പരിശുദ്ധരായിക്കൊണ്ട് - അവർ പരിശുദ്ധരാണെങ്കിൽ - അവരുടെ സൽഗുണങ്ങൾ പിൻപറ്റിക്കൊണ്ട് അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുന്നതിന് കാരണക്കാരായി മാറേണ്ടതാണ്. അല്ലാഹുവിന്നെതിരായി ഇവരെ നിർത്തിക്കൊണ്ട് ഈ പീർ ഫക്കീർമാരാണ് ഞങ്ങൾക്ക് സന്താനങ്ങളെ നൽകിയതെന്ന് പറയരുത്. അങ്ങിനെ അമുസ്‌ലിംകൾക്ക് ഇസ്‌ലാമിന്നെതിരിൽ ആക്ഷേപം ഉന്നയിക്കാനുള്ള അവസരം നൽകരുത്. നബി ﷺ ന്റെ വ്യക്തിത്വത്തെക്കുറിച്ചും ആക്ഷേപം ഉന്നയിക്കാനുള്ള അവസരം ലഭിക്കുന്നു, അതിന് അവസരം നൽകരുത്. നബി ﷺ യ്ക്ക് സഹാബാക്കളുടെ ശിക്ഷണകാര്യത്തിലും തൗഹീദ് നിലനിർത്തുന്ന കാര്യത്തിലും അങ്ങേയറ്റം ശ്രദ്ധയുണ്ടായിരുന്നു. അതുകൊണ്ട് ആ മഹാത്മാവ് പറഞ്ഞത്; സാധാരണ നിലയിലുള്ള കാര്യങ്ങളും അത് പ്രകടനാത്മകമായ കാര്യമാണെങ്കിൽ ശിർക്കാണ്. ഇബാദത്തിലും നമസ്ക്കാരത്തിലും പ്രകടനാത്മകമായ കാര്യമുണ്ടെങ്കിൽ അതും ശിർക്കാണ്. അതുകൊണ്ട് ശിർക്കിൽ നിന്ന് രക്ഷപ്പെടുക. അത് ഉറുമ്പ് മൃദുലമായ ഭൂതലത്തിൽ നടക്കുമ്പോൾ അതിന്റെ കാലിന്റെ അടയാളം എത്രമാത്രം പതിയുന്നുവോ അതിനേക്കാൾ ലോലമായതായാലും ശരി. സഹാബാക്കൾ ചോദിച്ചു. ഇതിൽ നിന്ന് നമുക്ക് എങ്ങിനെ രക്ഷപ്പെടാം. പറഞ്ഞു: ഇപ്രകാരം ദുആ ചെയ്തുകൊണ്ട് ശിർക്കിൽ നിന്ന് രക്ഷപ്പെടാം. ***അല്ലാഹുമ്മ ഇന്നാ നഊദുബിക്ക മിൻ നുശ്‌രിക്ക ബിക ശൈഅൻ വനസ്തഗ്ഫിറുക ബി മാലം നഅ്‌ലം.*** അല്ലാഹുവേ അറിഞ്ഞും അറിയാതെയും ശിർക്ക് ചെയ്യുന്നതിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. അറിയാത്ത കാര്യങ്ങൾ ചോദിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് പാപമോചനം തേടുന്നു.

ചുരുക്കത്തിൽ നബി ﷺ ഒരോ മുസൽമാനോടും ശിർക്കിൽ നിന്ന് രക്ഷപ്പെടാൻ ഉപദേശിച്ചുകൊണ്ടിരുന്നു. ഇതിനുവേണ്ടി എപ്പോഴും പറയാറുള്ളത്, ഞാനൊരു മനുഷ്യനാണ്, സാധാരണ സ്ത്രീയുടെ മകനാണ്. അല്ലാഹു നബി ﷺ നോട് ഇപ്രകാരമാണ് വിളംബരം ചെയ്യാൻ പറഞ്ഞിട്ടുള്ളത്. ***അന ബശറും മിസ്‌ലുകും.*** ഞാനും നിങ്ങളെപ്പൊലുള്ള മനുഷ്യനാണ്. അതുകൊണ്ട് നബി കരീം ﷺ നെ ദൈവമായി ചിത്രീകരിക്കുന്നുവെന്ന് എഴുതിയിരിക്കുന്നത് തെറ്റായ കാര്യമാണ്. പക്ഷെ കബറുകൾക്ക് അല്ലാഹുവിന്റെ സ്ഥാനം നൽകി എന്നുള്ളത് ശരിയാണ്. തൗഹീദിന്റെ ആൾക്കാർ ശിർക്ക് ചെയ്യുന്നുവെന്ന് ആക്ഷേപം ഉന്നയിക്കുന്നു. ഇത് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ചിന്തിക്കേണ്ട കാര്യമാണ്. ഈ ആക്ഷേപം സാധാരണ മുസ് ലിംകളിൽ നിന്ന് ദൂരപ്പെടുത്തുവാൻ സാധിക്കുകയില്ല. എന്നാൽ തങ്ങളുടെ അവസ്ഥയിലും പ്രവൃത്തിയിലും മാറ്റം വരുത്തേണ്ടത് ഓരോ അഹ്മദിയുടേയും ഉത്തരവാദിത്ത്വമാണ്. അല്ലാഹുവിന്റെ തൗഹീദ് നമ്മുടെ ആരാധനകളിലും നമ്മുടെ പ്രവൃത്തിയിലും പ്രകടമാകുന്ന വിധത്തിൽ നമ്മുടെ ആരാധനകൾ മാറ്റേണ്ടതാണ്. ഇതിനുവേണ്ടിയാണ് നബി ﷺ നിയോഗിതനായത്. അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കിയാൽ മാത്രമേ ലോകത്ത് തൗഹീദ് നിലനിൽക്കുകയുള്ളൂ എന്നും

ലോകർക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്. ഇക്കാലത്ത് മുസ്‌ലിംക ളുടെ അവസ്ഥയും മോശമായിരിക്കുന്നു. അതുകൊണ്ട് നബി ﷺ യുടെ യഥാർത്ഥ പ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ജമാഅത്തിൽ ചേർന്നാൽ മാത്രമേ തൗഹീദ് നിലനിർത്തുന്നതി നുള്ള അവകാശം നിറവേറ്റാൻ സാധിക്കുകയുള്ളൂ. ഇത് ഓരോ അഹ്മദിയുടേയും ഉത്തരവാദിത്ത്വമാകുമ്പോൾ ബൈഅത്തിന്റെ നിബന്ധനകളിൽ ഒന്നാമത്തെ നിബന്ധനയായി മാറുമ്പോൾ ഹ: മസീഹ് മൗഊദ് عليه السلام ന്റെ ആഗമനോദ്ദേശ്യവും ഇതായിത്തീരുമ്പോൾ നാം എത്രകണ്ട് ശ്രദ്ധിച്ചുകൊണ്ട് എല്ലാ ശിർക്കിന്റെയും ലോല മായ ഓരോ വശങ്ങളിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു: ലോക ത്തിന്റെ വിവിധ ജനസമൂഹങ്ങളിൽ നിവസിക്കുന്ന സത്പ്രകൃത ക്കാരായ ആളുകൾ, അവർ ഏഷ്യയിലായാലും, യൂറോപ്പിലായാലും അവരെയെല്ലാം തൗഹീദിലേക്ക് (ദൈവത്തിന്റെ ഏകത്വത്തിലേക്ക്) ആകർഷിക്കുകയും തന്റെ ദാസന്മാരെ ഏകമതത്തിൽ ഒരുമിച്ചു കൂട്ടുകയുമെന്നതാണ് അല്ലാഹു ഇച്ഛിക്കുന്നത്. ഈ ഉദ്ദേശത്തിന് വേണ്ടിയാണ് ഞാൻ ഭൂതലത്തിൽ അയക്കപ്പെട്ടിരിക്കുന്നത്. അതിനാൽ, സൗമ്യതയിലും സത്സ്വഭാവത്തിലും പ്രാർത്ഥനയിലും ഊന്നിക്കൊണ്ട് നിങ്ങൾ ഈ ഉദ്ദേശ്യത്തെ പ്രാവർത്തികമാക്കുക.

അല്ലാഹുവിന്റെ ഈ ഉദ്ദേശ്യത്തെയും കൽപനയേയും മനസ്സി ലാക്കുകയും അല്ലാഹു നമ്മിൽ അർപ്പിച്ച ഈ ഉത്തരവാദിത്ത്വം മനസ്സിലാക്കുക എന്നതും കാലത്തിന്റെ ഇമാമിന്റെ സാഹിയിക ളായിത്തീരുക എന്നതും തങ്ങളുടെ സംസാരവും പ്രവൃത്തിയും മുഖേന തൗഹീദ് നിലനാട്ടുന്നവരായിത്തീരുക എന്നതും ഓരോ അഹ്മദിയുടേയും ഉത്തരവാദിത്ത്വത്തിൽ പെട്ടതാണ്. വെറും മുസ്‌ലിംകളെ മാത്രമല്ല. മറിച്ച് എല്ലാ മതസ്ഥരേയും തൗഹീദിന്റെ സന്ദേശം മുഖേന ഏക മതത്തിൽ ഒരുമിച്ചുകൂട്ടാൻ വേണ്ടി ശ്രമി ക്കേണ്ടതാണ്. ഇതിനുവേണ്ടി മസീഹ് മൗഊദ് عليه السلام പറഞ്ഞുതന്നത്, നിങ്ങളുടെ സംസാരത്തിൽ മൃദുത്വം ഉണ്ടാവുകയും ഇഖ്ലാസിൽ ഉന്നതനിലവാരം കാണിക്കുകയും ചെയ്യേണ്ടതാണെന്നാണ്. ജന ങ്ങൾ നിങ്ങളുടെ ഇഖ്ലാസിന്റെ അവസ്ഥ കണ്ടുകൊണ്ട് സ്വയം നിങ്ങളിൽ ആകൃഷ്ടരാകണം. സർവ്വോപരി ദുആയിൽ ഊന്നൽ നൽകുകയും വേണം.

ചില അനാചാരങ്ങൾ സമൂഹത്തിൽ വേര് പിടിച്ചുകഴിഞ്ഞാൽ യഥാർത്ഥ അദ്ധ്യാപനത്തിൽ നിന്ന് ദൂരപ്പെട്ടു പോകുന്നു എന്ന് എപ്പോഴും ഓർമ്മിക്കേണ്ടതാണ്. അങ്ങനെ അല്ലാഹു അയച്ചുതന്ന യഥാർത്ഥ അദ്ധ്യാപനം മനുഷ്യർ മറന്നുപോകും അനാചാരങ്ങ ളിൽ അധികവും മതത്തെ മോശമാക്കുകയും അല്ലാഹുവിന്നെ തിരിൽ നിൽക്കുകയും ചെയ്യുന്നു. മുൻകഴിഞ്ഞ മതങ്ങളെല്ലാം തങ്ങളുടെ യഥാർത്ഥ അദ്ധ്യാപനം കളഞ്ഞുകുളിക്കാനുള്ള കാരണം അവരിൽ കാലത്തിനനുസരിച്ച് പുതിയ പുതിയ അനാ ചാരങ്ങൾ കടന്നുകൂടി എന്നുള്ളതാണ്. പിന്നെ അതിനെ ദൂരീ കരിക്കാൻ ആരും വന്നില്ല. ആരും വരേണ്ടതുമില്ല. കാരണം ഇസ്‌ലാം മാത്രമാണ് ഖിയാമത്ത് നാൾ വരെ അതിന്റെ തനതായ രൂപത്തിൽ നിലനിൽക്കുന്നത്. ആരാണോ വരേണ്ടത് അത് അവ സാനത്തെ നബിയായ നബി ﷺ ആണ്. അദ്ദേഹം എല്ലാ തരത്തി ലുമുള്ള അനാചാരങ്ങളേയും മതത്തിൽ കടന്നുകൂടിയിട്ടുള്ള അന്ധവിശ്വാസങ്ങളേയും യഥാർത്ഥ അദ്ധ്യാപനങ്ങൾ മുഖേന ദൂരീ കരിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ അനാചാരങ്ങളിൽ ചിലത് മുസ്‌ലിംകളിലും കടന്നുകൂടിയിട്ടുണ്ട്. ചില അനാചാരങ്ങൾ കാരണമായി ശിർക്ക് ഉണ്ടാവുകയും ചെയ്യുന്നു. രഹസ്യമായ ശിർക്ക് മാത്രമല്ല. മറിച്ച് ചിലപ്പോൾ ബാഹ്യമായ ശിർക്കും നമുക്ക് കാണാൻ സാധിക്കുന്നു. എന്നാൽ അല്ലാഹുത്തആല തന്റെ വാഗ്ദാനപ്ര കാരം ഈ കാലത്തിന്റെ ഇമാമിനെ അയച്ചുകൊണ്ട് ശിർക്കിൽ നിന്നും അനാചാരങ്ങളിൽ നിന്നും ഇസ്‌ലാമിനെ സംരക്ഷിക്കുന്ന തിനുള്ള സാഹചര്യങ്ങൾ നമുക്ക് ഒരുക്കിത്തന്നു. ഇസ്‌ലാം സംര ക്ഷിക്കപ്പെടുന്നതാണ്. ഇൻശാ അല്ലാഹ്. ഇസ്‌ലാമിലും മുസ്‌ലിംക ളിലും കടന്നുകൂടിയിട്ടുള്ള അനാചാരങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ട് ഒരു സ്ഥലത്ത് മസീഹ് മൗഊദ് عليه السلام ഇപ്രകാരം പറയുന്നു: നബി ﷺ ന്റെയും സഹാബാക്കളുടേയും രീതി തന്നെയാണ് നമ്മുടേയും രീതി. ഈയിടെയായി പണ്ഢിതന്മാർ പല അനാചാരങ്ങളും ഇസ്‌ലാമിൽ കടത്തിയിട്ടുണ്ട്. അവർ നടപ്പാക്കിയിട്ടുള്ള തപസ്സിരി ക്കൽ, പ്രത്യേകമായ ചില ദിക്റുകൾ മാത്രം ഉരുവിട്ടുകൊണ്ടിരി ക്കൽ നമുക്ക് ഇഷ്ടമില്ലാത്ത കാര്യമാണ്. വിശുദ്ധഖുർആൻ ചിന്തി ച്ചുകൊണ്ട് പാരായണം ചെയ്യുകയും അതിൽ പറയപ്പെട്ട കാര്യങ്ങൾ പ്രാവർത്തികമാക്കുകയും നമസ്കാരം ശ്രദ്ധയോടുകൂടി അനുഷ്ഠി ക്കുകയും ദുആ ശ്രദ്ധയോടും അല്ലാഹു സമീപസ്ഥനാണ് എന്ന് കരുതിക്കൊണ്ട് ചെയ്യുകയും ചെയ്യുക എന്നതാണ് യഥാർത്ഥ രീതി. ചുരുക്കത്തിൽ നമസ്ക്കാരമെന്നുള്ളത് മിഅ്റാജിന്റെ ഉന്നത അവ സ്ഥയിലേക്ക് എത്തിക്കുന്നു. ഇതുണ്ടെങ്കിൽ എല്ലാം ഉണ്ട്.

ചുരുക്കത്തിൽ പൊതുവിലുള്ള അനാചാരങ്ങൾ ഒരു ഭാഗത്ത്, എന്നാൽ ഹ: മസീഹ് മൗഊദ് عليه السلام ചില ദുആകൾ മാത്രം ഉരുവിട്ടു കൊണ്ടിരിക്കുന്നതിനെയും അതിൽ മാതം ഊന്നൽ നൽകുന്നതി നേയും അനാചാരമാണെന്ന് ചിത്രീകരിച്ചിട്ടുള്ളത്. എന്തുകൊണ്ടെ ന്നാൽ ഇതിലൂടെ യഥാർത്ഥ അദ്ധ്യാപനം മറന്നുപോകുന്നു. യഥാർത്ഥ ഇബാദത്തായ നമസ്ക്കാരം മറന്നുപോകുന്നു. ഏതെ ങ്കിലും ഒരു ദികിറിൽ മാത്രം ഊന്നൽ നൽകാൻ തുടങ്ങുന്നു. പിന്നെ അത് സാത്താനിക പ്രവൃത്തിയായി മാറുന്നു.

ഒരു പുണ്യവാളന്റെ സംഭവം പറയാറുണ്ട്. അദ്ദേഹത്തിന്റെ സഹോദരി വളരെ സാത്വികയായ ഒരു സ്ത്രീയായിരുന്നു. നമ സ്ക്കാരം കൃത്യമായി അനുഷ്ഠിക്കുകയും തഹജ്ജുദ് നമസ്ക്കരി ക്കുകയും അതുപോലെ മറ്റു നഫലുകളിലും ഊന്നൽ നൽകു കയും ചെയ്യാറുണ്ട്. അവർ ദിക്റിന്റെ സദസ്സുകളിൽ ചെന്ന് ചില ദിക്റ് മാത്രം ചൊല്ലാനും ചില പ്രത്യേക കർമ്മങ്ങൾ ചെയ്യാനും തുടങ്ങി. അതിലേക്ക് കൂടുതലായി ചായാൻ തുടങ്ങി. പതുക്കെ പതുക്കെ അവർ അനുഷ്ഠിച്ചുവന്നിരുന്ന നഫലുകൾ ഉപേക്ഷി ച്ചു. പുണ്യവാളന് ഈ കാര്യത്തിൽ സംശയം തോന്നി. ഈ കാര്യ ത്തെക്കുറിച്ച് അദ്ദേഹം സഹോദരിയോട് ചോദിച്ചു. അപ്പോൾ മറു പടിയായി പറഞ്ഞു. ഞാൻ സദസ്സുകളിൽപോയി ദിഖ്റ് ചെയ്തു കൊണ്ടിരിക്കുന്നു. അപ്പോൾ പുണ്യവാളൻ പറഞ്ഞു. ഇത് തെറ്റാ ണ്. പക്ഷെ എത്ര പറഞ്ഞിട്ടും സഹോദരിക്ക് മനസ്സിലായില്ല. ഞാൻ ശരിയാണ് ചെയ്യുന്നത് എന്ന് പറയുകയുണ്ടായി. പിന്നെ പതുക്കെ പതുക്കെ തഹജ്ജുദ് നമസ്ക്കാരവും ഉപേക്ഷിക്കാൻ തുടങ്ങി. അതിനുപകരമായി ദിക്റ് ചൊല്ലാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു. നോക്കൂ. നീ ചെയ്യുന്ന ഈ ദിക്റ് ശൈത്വാൻ നിന്നെ പിന്തിരിപ്പി ക്കുന്നതിന്റെ ഭാഗമാണ്. അതുകൊണ്ട് ഇതിൽ നിന്ന് രക്ഷപ്പെടുക. ഇത് അല്ലാഹുവിന്റെ കൽപനയല്ല. ഇതിൽ നിന്ന് രക്ഷപ്പെടണമെ ങ്കിൽ **ലാ ഹൗല വലാ ഖുവ്വത ഇല്ലാബില്ലാഹ്** എന്ന് ചൊല്ലിക്കൊ ണ്ടിരിക്കുക. അങ്ങിനെ നീ രക്ഷപ്പെടുന്നതാണ്. കുറച്ചു കാല

ങ്ങൾക്ക് ശേഷം നിർബന്ധമാക്കപ്പെട്ട നമസ്കാരത്തിലും അശ്രദ്ധ കാണിക്കുന്നുവെന്ന് ആ സ്ത്രീക്ക് ബോധ്യപ്പെട്ടു. അപ്പോൾ ഇതിനെക്കുറിച്ച് ബോധമുണ്ടായി. അങ്ങിനെ അവർ **ലാഹൗല വലാ ഖുവ്വത്ത** എന്ന ദുആ ചൊല്ലാൻ തുടങ്ങി. പിന്നെ പതുക്കെ പതുക്കെ നമസ്ക്കാരത്തിലേക്ക് ശ്രദ്ധിക്കാനും, പിന്നീട് തഹജ്ജുദിന്റെ കാര്യത്തിലും അതിനു ശേഷം നഫലുകളിലേക്കും ശ്രദ്ധിക്കാൻ തുടങ്ങി.

ചിലപ്പോൾ മനുഷ്യർക്ക് ചില കാര്യങ്ങളെക്കുറിച്ച് പൂർണ്ണമായ അറിവ് ലഭിക്കുന്നില്ല. ഈ ചെയ്യുന്ന പ്രവൃത്തി തനിക്ക് ഫലം നൽകുന്നുവെന്നും. ഈ ദിക്റുകൾ മുഖേനയാണ് വലിയ സ്ഥാനം കരസ്ഥമാക്കാൻ സാധിക്കുക എന്ന് കരുതുന്നു. ദിക്റ് ചെയ്യുന്നത് നല്ലതാണ്. അത് ചെയ്യേണ്ടതുമാണ്. പക്ഷെ അല്ലാഹു നിർദ്ദേശിച്ചിട്ടുള്ള നിർബന്ധകാര്യങ്ങൾ പൂർത്തിയാക്കിയതിനുശേഷം. അതുപോലെ നബി ﷺ തഹജ്ജുദിലൂടെയും നഫലുകളിലൂടെയും നിലനിർത്തിയിട്ടുള്ള സുന്നത്ത് പൂർത്തിയാക്കിയതിനുശേഷം. ഈ കാര്യമുണ്ടെങ്കിൽ നല്ലതാണ്. എന്നാൽ ദിക്റ് ചെയ്യുന്ന കാര്യത്തിൽ ഊന്നൽ നൽകുകയും ഫർളുകളെ ഉപേക്ഷിക്കുകയും സുന്നത്ത് ഉപേക്ഷിക്കുകയും ചെയ്യുക എന്നത് തെറ്റായ പ്രവൃത്തിയാണ്. ചുരുക്കത്തിൽ അല്ലാഹുവിനേക്കുറിച്ചുള്ള ദിക്റ് ചെയ്യുന്ന മജ്ലിസുകൾ വളരെ പരിശുദ്ധമാണ്. പക്ഷെ അതിരു കടക്കുമ്പോൾ പിന്നെ ശൈത്ത്വാനിലേക്ക് കൊണ്ടെത്തിക്കുന്നുവെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. അല്ലാഹു കൽപിച്ചിട്ടുള്ളതാണ് യഥാർത്ഥ നന്മ. അത് തൗഹീദ് നിലനിർത്തുന്നതിന് പൊതുവായിട്ടുള്ള കാര്യവുമാണ്. ചുരുക്കത്തിൽ പ്രത്യക്ഷത്തിൽ നന്മയിലേക്ക് ശ്രദ്ധ തിരിക്കുന്ന കാര്യങ്ങൾ ചിലപ്പോൾ ബിദ്അത്തായി മാറുന്നു. ബിദ്അത്തുകൾ സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നു. പ്രത്യക്ഷത്തിൽ നന്മയിലേക്ക് കൊണ്ടുപോകുന്നുവെന്ന് തോന്നുന്ന ബിദ്അത്തുകളും മനുഷ്യരെ നിർബന്ധമാക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് ദൂരപ്പെടുത്തുന്നു. അതുകൊണ്ട് ഓരോ അഹ്മദിയും വളരെയധികം ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ ഫർളുകൾ തഹജ്ജുദ് നഫല് അതുപോലെ നബിﷺപറഞ്ഞിട്ടുള്ള സുന്നത്തുകളിലും, ദുആകളിലും ശ്രദ്ധിക്കുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ യഥാർത്ഥ സത്യവിശ്വാസത്തിലേക്ക് കാലെടുത്ത് വെക്കുന്നത്. സമൂഹത്തിലുള്ള ബിദ്അത്തിൽ നിന്ന് അഹ്മദികൾ രക്ഷപ്പെടുന്നതിന് ജിഹാദ് എന്ന നിലയിൽ പരിശ്രമിക്കേണ്ടതാണ്.

ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ കണ്ടുപിടുത്തങ്ങൾ ചില തിന്മകൾ വ്യപിപ്പിക്കുന്നതിൽ വളരെ സഹായകമായിട്ടുണ്ട്. ചിലർ ആലോചിക്കാതെ അവരെ സ്വന്തമായും തങ്ങളുടെ കുട്ടികളേയും അറിയാത്ത കാര്യങ്ങളിൽ കൊണ്ടെത്തിക്കുന്നു. ഇതിന്റെ യാഥാർത്ഥ്യമെന്താണ്. ഇതിന്റെ ആത്മാവ് എന്താണ് എന്ന് ഇവർ അറിയുന്നില്ല. മറ്റുള്ളവരെ കണ്ടുകൊണ്ട് പ്രവർത്തിക്കാൻ തുടങ്ങുന്നു. എന്നാൽ അറിവില്ലാഴ്മയിൽ നിന്നുണ്ടാകുന്ന കാര്യങ്ങൾ ചെയ്യുന്നതിൽ നിന്ന് അല്ലാഹുവേ നിന്റെ പാപമോചനം ആവശ്യമാണ് എന്ന നബി ﷺ യുടെ ദുആയിലേക്ക് ശ്രദ്ധയുണ്ടാവുകയാണെങ്കിൽ ഭാവിയിൽ മനുഷ്യൻ പല തിന്മകളിൽ നിന്നും രക്ഷപ്പെടുന്നു.

ചുരുക്കത്തിൽ ഇന്ന് പാശ്ചാത്ത്യർ ആഘോഷിച്ചുകൊണ്ടിരിക്കുന്ന, ഇപ്പോൾ ആഘോഷിക്കാൻ പോകുന്ന തിന്മകളെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നു. ഹലോവിൻ എന്നൊരു ആചാരമുണ്ട്. ഞാൻ പറഞ്ഞതുപോലെ അഹ്മദികളും ആലോചിക്കാതെ തങ്ങളുടെ കുട്ടികളെ ഇതിൽ പങ്കെടുക്കാൻ അനുമതി കൊടുക്കുന്നു. എന്നാ ൽ ഇതിന്റെ ഗഹനതയിലേക്ക് പോകുകയാണെങ്കിൽ ഇത് ക്രിസ്ത്യാനികളിൽ നിന്ന് വന്ന ഒരാചാരമാണെന്നും അത് ശിർക്കിലേക്ക് കൊണ്ടെത്തിക്കുന്നുവെന്നും മനസ്സിലാക്കാൻ സാധിക്കുന്നു. ജിന്നിന്റെ പ്രവർത്തനവും മറ്റും ബൈബിൾ തന്നെ തടയുന്നു. എന്നാൽ ഇത് ക്രിസ്ത്യാനികളിൽ കടന്നുവന്നു. പൊതുവിൽ ഇത് ഒരു തമാശയായിട്ടാണ് കരുതാറുള്ളത്. അതായത് കുട്ടികൾക്ക് ഒരു തമാശതോന്നി അത് പൂർത്തിയാക്കി. ചുരുക്കത്തിൽ തമാശയെന്ന് കരുതുന്ന ഇത്തരം കാര്യങ്ങൾ അതിന്റെ അടിത്തറ ശിർക്കിലേക്കും അല്ലെങ്കിൽ ഏതെങ്കിലും വിധത്തിലുള്ള നഷ്ടമുള്ള കാര്യത്തിലേക്കുമാണ് കൊണ്ടെത്തിക്കുന്നതെങ്കിൽ അതിൽ നിന്ന് അഹ്മദികൾ രക്ഷപ്പെടേണ്ടതാണെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. നമ്മുടെ റിസർച്ച് ടീമിന്റെ ഇൻചാർജ് പറയുന്നു. അദ്ദേഹത്തിന്റെ മകൻ പറഞ്ഞു. ഹലോവിൻ പരിപാടിയിൽ വേറൊന്നും ചെയ്യുന്നില്ല. മറിച്ച് ഡ്രസ്സ് ഇട്ടുകൊണ്ട് ചുറ്റിക്കറങ്ങുക മാത്രമാണ് ചെയ്യുന്നത്. ചെറിയ കുട്ടിയാണ്. പക്ഷെ അദ്ദേഹം അതിന് അനുവാദം കൊടുത്തില്ല. റിസർച്ച് ടീം ഇതിനെക്കുറിച്ച് റിസർച്ച് ചെയ്തപ്പോൾ ഇതിനെ സംബന്ധിച്ചുള്ള പല കാര്യങ്ങളും അവരുടെ മുമ്പാകെ വന്നു. അത് എനിക്കും നൽകാൻ അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം അത് എനിക്കും നൽകി. അതിന്റെ ചുരുക്കം ഞാൻ കേൾപ്പിക്കാം. എന്തുകൊണ്ടെന്നാൽ അധിക കുട്ടികളും ഹലോവിൻ പരിപാടിയിൽ പങ്കെടുക്കുന്നതുകൊണ്ട് എന്താണ് നഷ്ടമെന്നും നമ്മുടെ മാതാപിതാക്കൾ നമ്മെ അതിൽ പങ്കെടുക്കാൻ അനുവദിക്കാറില്ലെന്നും എന്നാൽ ചില അഹ്മദി കുടുംബങ്ങളുടെ മക്കൾ അവരുടെ മാതാപിതാക്കളുടെ അനുവാദത്തോടുകൂടി അതിൽ പങ്കെടുക്കുന്നുവെന്നും പറയാറുണ്ട്. എന്നാൽ ഞാൻ അതിനുള്ള മറുപടി എന്റെ അറിവിന്റെ അടിസ്ഥാനത്തിൽ തെറ്റായ പ്രവൃത്തിയാണ് എന്ന് പറയാറുമുണ്ട്. എന്നാൽ അതിന്റെ യാഥാർത്ഥ്യം നമ്മുടെ മുമ്പിൽ വന്നിരിക്കുന്നു. അതുകൊണ്ട് അഹ്മദി കുട്ടികൾ അതിൽ നിന്ന് രക്ഷപ്പെടേണ്ടത് നിർബന്ധമായ കാര്യമാണ്.

ക്രിസ്ത്യാനികളിൽ അല്ലെങ്കിൽ പാശ്ചാത്ത്യരിൽ കണ്ടുവരുന്ന ഈ ബിദ്അത്ത് ഐറിഷ് ആചാരപ്രകാരമാണ് വന്നത്. പുരാതന കാലത്ത് കണ്ണ് കൊള്ളുക എന്ന കാര്യത്തിൽ നിന്ന് ഉടലെടുത്തതാണ്. ശൈത്താനിക വീക്ഷണമാണ് ഇതിന്റെ അടിസ്ഥാനം. ഇത് മതത്തിന്റെയും വീടിന്റെയും പരിശുദ്ധിയെ ഇല്ലാതാക്കുന്നു. ഇത് തമാശയാണെന്ന് എത്ര പ്രാവശ്യം പറഞ്ഞാലും അതിന്റെ അടിത്തറ തെറ്റാണ്. അത് മാത്രമല്ല ഇത് ശിർക്കിൽ ഉൾപ്പെടുകയും ചെയ്യുന്നു. എന്ത് കൊണ്ടെന്നാൽ ഇതിന്റെ അടിസ്ഥാന വീക്ഷണം ജീവനുള്ളവരുടേയും മരിച്ചവരുടേയും ഇടയിലുള്ള അതിർവരമ്പുകൾ ഒക്ടോബർ 31 ന് അവസാനിക്കുന്നു. ആ ദിവസം മരിച്ചവർ ജീവിച്ചുകൊണ്ട് പുറത്തേക്ക് വരുന്നു. ജീവിച്ചിരിക്കുന്നവർക്ക് പല പ്രശ്നങ്ങളും ഉണ്ടാക്കുന്നു. രോഗത്തിൽ അകപ്പെടുത്തുന്നു. ഈ വിധത്തിലുള്ള തെറ്റായ കാര്യങ്ങളാണ്. ഇതിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി പേര് കേട്ട മന്ത്രവാദിയെ വിളിക്കുന്നു. അവർ പ്രത്യേകരീതിയിൽ മൃഗങ്ങളെയും ധാന്യങ്ങളെയും ബലികൊടുക്കുന്നു. ബോൺഫെയറും ഇതേ വീക്ഷണത്തിലാണ് ഉൾപ്പെടുന്നത്. മരിച്ച ആത്മാവിനെ ഈ പ്രവർത്തനത്തിൽ നിന്ന് തടഞ്ഞുനിർത്തുന്നതിന് വേണ്ടിയും ഭയപ്പെടുത്തിക്കൊണ്ടും അല്ലെങ്കിൽ ചില ബലികൾ നൽകിക്കൊണ്ടും മരിച്ച

വരെ സന്തോഷിപ്പിക്കുന്നു. പേടിപ്പെടുത്തണമെങ്കിൽ അതിനും പ്രത്യേക ഡ്രസ്സുകളുണ്ട്, അത് ധരിക്കുന്നു.

ചുരുക്കത്തിൽ ഞാൻ പറഞ്ഞതുപോലെ ക്രിസ്ത്യാനികൾ വ്യാപിച്ചപ്പോൾ അവരും ഈ ആചാരത്തെ സ്വീകരിച്ചു. ഇതിനെയും ഒരു ഉത്സവമായി അവർ ഉൾപ്പെടുത്തി. പ്രത്യേകിച്ച് കത്തോലിക് വിഭാഗത്തിൽ പെട്ട ആൾക്കാർ. ക്രിസ്ത്യാനികളും മീഡിയകളും മുഖേനയും അന്യോന്യം തമ്മിലുള്ള ബന്ധവും കാരണമായി ഏകദേശം ലോകത്തുള്ള എല്ലാ സ്ഥലങ്ങളിലും ഈ ആചാരം വ്യാപിച്ചിരിക്കുന്നു. പ്രത്യേകിച്ച് അമേരിക്കയിൽ,കനഡയിൽ,യു.കെ.യിൽ,ജപ്പാനിൽ,ന്യൂസ്‌ലന്റിൽ,ആസ്ട്രേലിയയിൽ,യൂറോപ്പിലെ ചില രാഷ്ട്രങ്ങളിലും ഇത് വ്യപിച്ചിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ഇത് രഹസ്യമായ തിന്മയാണ്. പാശ്ചാത്യരാജ്യങ്ങളിൽ താമസിക്കുന്ന മുസ്‌ലിംകളും ഇത് സ്വീകരിച്ചിരിക്കുന്നു. കുട്ടികൾ പല വിധത്തിലുള്ള ഡ്രസ്സുകൾ ധരിച്ച് വീട് വീടാന്തരം പോകുകയും വീട്ടിലുള്ളവരിൽ നിന്ന് എന്തെങ്കിലും വാങ്ങുകയും ചെയ്യുന്നു. മരിച്ച ആത്മാവിന് ശാന്തി കിട്ടുന്നതിന് വേണ്ടിയാണ് ഇത് ചെയ്യുന്നത്. കുട്ടികൾക്ക് വീട്ടിലുള്ളവർ എന്തെങ്കിലും കൊടുത്താൽ അതിന്റെ ഉദ്ദേശ്യം മരിച്ചവർ ഈ വീട്ടിലുള്ളവർക്ക് ഒരു നഷ്ടവും വരുത്തുകയില്ല എന്നാണ്. ഇത് തമാശയാണെന്ന് പറഞ്ഞാലും ഇത് ശിർക്കാണ്, ഇതിന്റെ പിന്നിലുള്ള വീക്ഷണം ശിർക്കുമായി ബന്ധപ്പെട്ടതാണ്. കുട്ടികളെ വികൃതരൂപമാക്കിക്കൊണ്ട് വീട് വീടാന്തരം ഭിക്ഷ യാചിക്കുന്നവരെപ്പോലെ യാചിപ്പിച്ചുകൊണ്ടിരിക്കുക എന്നതു തന്നെ അഹ്മദി കുട്ടികളുടെ സ്ഥാനത്തിന് എതിരാണ്. ഞങ്ങൾ ചോക്കളേറ്റ് വാങ്ങാനാണ് പോയതെന്ന് അവർക്ക് പറയാം, പക്ഷെ ഇതും തെറ്റാണ്. അഹ്മദികൾക്ക് ഒര് അന്തസ്സ് ഉണ്ടാകേണ്ടതാണ്. ആ അന്തസ്സ് ചെറുപ്പകാലത്ത് തന്നെ നിലനിർത്തേണ്ടതാണ്. പിന്നെ ഈ കാര്യങ്ങൾ മതത്തിൽ നിന്നും ദൂരപ്പെടുത്തുന്നു. ചുരുക്കത്തിൽ ഇത് ആഘോഷിക്കുമ്പോൾ ഇതിലുള്ള സന്ദേശം മോശമായ ആത്മാവിന്റെ വ്യക്തിത്ത്വം, ശൈത്താനെ പൂജിക്കുക, ഇത്തരം കാര്യങ്ങളിലുള്ള താൽക്കാലികമായ വിശ്വാസമാണ്. ഇതൊക്കെ തമാശ രൂപത്തിൽ വിശ്വസിക്കുന്നതിൽ ഒരു തെറ്റുമില്ലെന്നാണ് കരുതുന്നത്. ഇത് അങ്ങേയറ്റത്തെ മോശമായ വീക്ഷണമാണ്. ചുരുക്കത്തിൽ ഇതൊക്കെ സാത്താനിക കാര്യങ്ങളാണ്. ഈ കാര്യങ്ങളിൽ നിന്ന് നമ്മുടെ മക്കൾ വിട്ടുനിൽക്കേണ്ടതാണ്. ഇപ്പോഴും ഗ്രാമങ്ങളിൽ താമസിക്കുന്നവർ കുട്ടികൾ ചോദിക്കാൻ വേണ്ടി വീട്ടിലേക്ക് വന്നാൽ മരിച്ച ആത്മാവ് നമ്മെ ഒരു നഷ്ടവും ഏൽപ്പിക്കരുതെന്ന ധാരണയിൽ കുട്ടികൾക്ക് എന്തെങ്കിലും കൊടുക്കുന്നു.

ചുരുക്കത്തിൽ വലിയവർ കുട്ടികളെക്കൊണ്ട് ചോദിപ്പിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഇത് തെറ്റായ ആചാരമെന്ന് പറയുന്നത്. എന്നുമാത്രമല്ല. ഇത് ശിർക്കിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യുന്നു. പിന്നെ കുട്ടികൾ തമാശയാണെന്ന് പറഞ്ഞുകൊണ്ട് ചെയ്യുന്ന ഈ പ്രവൃത്തി മുഖേന തെറ്റായ പ്രവണതകളും കാണിക്കാൻ ധൈര്യപ്പെടുന്നു. മാതാപിതാക്കളോടും അയൽവാസികളോടും അധാർമ്മികമായ നിലയിൽ പെരുമാറുന്നു. മാതാപിതാക്കളോടും അയൽവാസികളോടും സമൂഹത്തോടും വലിയവരോടും അധാർമികമായ നിലയിൽ പെരുമാറുക എന്ന പ്രവണത ഇത് കാരണമായിട്ടാണ് അധികരിച്ച് വരുന്നത്. ഇതും ഒരു സർവ്വെയാണ്. ഇങ്ങേയറ്റം വലിയ വലിയ കുറ്റകൃത്യങ്ങളും അധികരിക്കുന്നത് ഇത് കാരണമായിട്ടാണ്. പാശ്ചാത്ത്യരിൽ പല തിന്മകളും തമാശയെന്ന പേരിലും കുട്ടികളുടെ അവകാശമാണെന്ന പേരിലും അനുവാദം കൊടുക്കുന്നു. എന്നാൽ ഇപ്പോൾ ഇവർ തന്നെ ഇതിനെതിരായി ശബ്ദിക്കാൻ തുടങ്ങി. എന്തുകൊണ്ടെന്നാൽ ഇതുമുഖേന ധാർമ്മികത നശിച്ചുപോകും. ഇതിനെക്കുറിച്ച് പഠിക്കുന്നവർ പറയുന്നത് കുട്ടികളിൽ തമാശയെന്ന പേരിൽ വലിയവരെ ഭയപ്പെടുത്തുന്ന തിന്മയും ഞാൻ പറഞ്ഞതുപോലെ അധികരിച്ചുവരികയെന്നാണ്. കുറ്റകൃത്യങ്ങളും അധികരിച്ചുവരുന്നു. ഒന്നാമതായി, സിനിമകൾ തെറ്റായ ശിക്ഷണമാണ് നൽകുന്നത്. ഇത്തരത്തിലുള്ള പ്രവൃത്തികൾ പ്രാവർത്തികമാക്കുകയാണെങ്കിൽ അത് തമാശയാണെന്ന് പറഞ്ഞ് അതിനെ നിസ്സാരമായി കാണുകയാണെങ്കിൽ സമൂഹം മോശമായിത്തീരുകയെന്നതല്ലാതെ മറ്റെന്ത് സംഭവിക്കാനാണ്. ചുരുക്കത്തിൽ ഇത് മുഖേന അല്ലാഹുവിന്നെതിരിൽ ഇത്തരം കാര്യങ്ങളെ ചെയ്തുകൊണ്ട് ശിർക്ക് നിലനിർത്തുകയാണ് ചെയ്യുന്നത്. അതല്ലെങ്കിൽ കുട്ടികൾക്ക് പാരിദോഷികം നൽകിക്കൊണ്ട് മരിച്ചവരുടെ ആത്മാവിനെ സന്തോഷിപ്പിക്കുന്നു എന്ന് കരുതുന്നു. ഇത് അങ്ങേയറ്റം മോശമായ ഒരു ചിന്തയാണ്.

ഒരെഴുത്തുകാരനുണ്ട്, റിഹേഴ്സ് കാറ്റർ മാൻ അദ്ദേഹം തന്റെ ഗ്രന്ഥമായ യു.എൻ ചൈൽഡ് പ്രോബ്ലംസ് എന്ന ഗ്രന്ഥത്തിൽ എഴുതുന്നു. കുട്ടികളുടെ ജീവിതത്തിൽ യുവത്വത്തിലേക്ക് കാലെടുത്ത് വെക്കുന്നതിന്റെ മുമ്പു തന്നെ ഭയത്തിന്റെ അങ്ങേയറ്റം നിരാശപ്പെടുത്തുന്ന അവസ്ഥ അവർ അറിയാതെ കണ്ട് ഉണ്ടാവുന്നു. അത് ഇത്തരത്തിലുള്ള കാര്യങ്ങളിൽ അകപ്പെടുന്നതുകൊണ്ടാണ്.

ഹലോവിൻ കാരണമായി വീടുകളിൽ പോയി എന്തെങ്കിലും ആവശ്യപ്പെടുക എന്ന കാര്യം മാത്രമല്ല നടക്കുന്നത്. മറിച്ച് വലിയ കുട്ടികൾ നിർബന്ധപൂർവ്വം വീട്ടുകാരെ ഭയപ്പെടുത്താനും ശ്രമിക്കുന്നു. അതുപോലുള്ള മറ്റു കാര്യങ്ങളും ചെയ്യാൻ തുടങ്ങുന്നു. അതിന്റെ തിക്തഫലമായി സമൂഹത്തിൽ നഷ്ടമുണ്ടാകുന്നു. മാതാപിതാക്കൾക്കും പ്രശ്നമായിത്തീരുന്നു. തങ്ങളുടെ ജീവിതവും നാശത്തിലാകുന്നു. അതുകൊണ്ട് ഞാൻ വീണ്ടും അഹ്മദികളോട് ഈ കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കാൻ ഉപദേശിക്കുകയാണ്. അഹ്മദികളായിട്ടുള്ള കുട്ടികളുടേയും വലിയവരുടെയും ഉത്തരവാദിത്ത്വം അല്ലാഹുമായിട്ടുള്ള ബന്ധം വർദ്ധിപ്പിക്കുകയും നമ്മുടെ ലക്ഷ്യങ്ങളെ മനസ്സിലാക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹു കൽപ്പിച്ചിട്ടുള്ള കാര്യങ്ങൾ മാത്രം സംസാരിക്കുക. ചീത്തയും, നല്ലതും, തിരിച്ചറിയാൻ കഴിയാത്തതും, അല്ലാഹുവുമായിട്ടുള്ള ബന്ധവും അവന്റെ അസ്ഥിത്ത്വത്തിന്റെ മഹത്ത്വവും മറന്നുപോകുന്നതുമായ വിധത്തിലുള്ള പാശ്ചാത്ത്യ സ്വാധീനം നമ്മളിൽ ഒരിക്കലും ഉണ്ടാവാൻ പാടുള്ളതല്ല. അങ്ങനെ രഹസ്യമായ ശിർക്കിൽ നിന്ന് നാം രക്ഷപ്പെടുന്നതിനുവേണ്ടി. അല്ലാഹു നമ്മെ എല്ലാവരെയും ഇതിൽ നിന്ന് സംരക്ഷിക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു: മനുഷ്യർ അല്ലാഹുവിനെ ആരാധിക്കുന്നുവെന്ന് വാദിക്കുന്നു. എന്നാൽ ഇത് കുറേ സുജൂദ് കൊണ്ടും റുകൂഅ് കൊണ്ടും നേടിയെടുക്കാൻ സാധിക്കുമോ. അല്ലെങ്കിൽ തസ്ബീഹിന്റെ മണികൾ ചലിപ്പിക്കുന്നതുകൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നവരാണെന്ന് പറയാൻ സാധിക്കുമോ. എന്നാൽ അല്ലാഹുവിനെ ആരാധിക്കുന്നവരായി മാറുന്നത് അല്ലാഹുവിനോടുള്ള സ്നേഹം കാരണം തന്റെ അസ്ഥിത്വം ഈ ലോകത്ത് നിന്ന് ഇല്ലാതാവുന്ന തരത്തിൽ അല്ലാഹുവിനെ തങ്ങളിൽ ആകർഷിച്ചെടുക്കുന്നവരാണ് അല്ലാഹു

വിനെ ആരാധിക്കുന്നവർ. ഒന്നാമതായി അല്ലാഹുവിന്റെ അസ്തിത്ത്വത്തെക്കുറിച്ച് പരിപൂർണ്ണമായ ദൃഢവിശ്വാസം ഉണ്ടായിരിക്കണം. പിന്നീട് അല്ലാഹുവിന്റെ സ്നേഹത്തേയും സൗന്ദര്യത്തേയും കുറിച്ച് പരിപൂർണ്ണമായ ജ്ഞാനം ഉണ്ടായിരിക്കണം. പിന്നെ സ്നേഹത്തിന്റെ ജ്വാല എപ്പോഴും ഹൃദയത്തിൽ ഉണ്ടായിത്തീരത്തക്ക വിധത്തിൽ അവനോട് സ്നേഹമുണ്ടായിരിക്കണം. ഈയൊരവസ്ഥ മുഖത്ത് നിന്ന് പ്രകടമാകേണ്ടതാണ്. മുഴുവൻ ലോകവും അവന്റെ മുന്നിൽ നിർജീവമായ അവസ്ഥയിലാണെന്ന് കരുതുന്ന വിധത്തിൽ എല്ലാവിധ ഭയവും അവന്റെ അസ്ഥിത്ത്വവുമായി ബന്ധപ്പെട്ടു നിൽക്കേണ്ടതാണ്. അതിന്റെ വേദനയിൽ ഒരനുഭൂതിയുണ്ടായിരിക്കണം. അവനോടുള്ള സ്നേഹത്തിൽ സമാധാനം കണ്ടെത്തണം. അവനിലെല്ലാതെകണ്ട് മറ്റൊന്നിനോടും ഹൃദയത്തിൽ സമാധാനം ഉണ്ടാവരുത്. ഈ അവസ്ഥ കൈവരിക്കുമ്പോഴാണ് അല്ലാഹുവിനെ ആരാധിക്കുന്നവർ എന്ന് പറയുന്നത്. എന്നാൽ ഈ അവസ്ഥ അല്ലാഹുവിന്റെ സഹായമില്ലാതെ എങ്ങനെ ഉണ്ടാവാനാണ്. അതുകൊണ്ടാണ് അല്ലാഹു ഇപ്രകാരം ദുആ പഠിപ്പിച്ചത്.

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۝٥

അതായത് നാം നിന്നെ ആരാധിക്കുന്നു, പക്ഷെ നിന്റെ പ്രത്യേകമായ സഹായമില്ലാതെ കണ്ട് എങ്ങിനെയാണ് നിന്നോടുള്ള ആരാധനയുടെ അവകാശം നിറവേറ്റാൻ സാധിക്കുക. അല്ലാഹുവിനെ യഥാർത്ഥമായ റബ്ബായി സ്വീകരിച്ചുകൊണ്ട് അവനെ ആരാധിക്കുക എന്നതാണ് യഥാർത്ഥ വിലായത്ത്. ഇതിനുശേഷം ഒരു പദവിയുമില്ല. പക്ഷെ ഈ പദവി അവന്റെ സഹായമില്ലാതെ കിട്ടുകയില്ല. അത് കരസ്ഥമാക്കാനുള്ള അടയാളം അല്ലാഹുവിന്റെ പ്രതാപം ഹൃദയത്തിൽ ഉണ്ടാക്കിയെടുക്കുകയും അവനിൽ മാത്രം തവക്കൽ ചെയ്യുകയും അവനെ ഇഷ്ടപ്പെടുകയും എല്ലാ വസ്തുക്കൾക്കും പകരം അവനെ സ്വീകരിക്കുകയും അവനെ ഓർമ്മിക്കുകയും ചെയ്യുക എന്നത് ജീവിത്തിന്റെ ലക്ഷ്യമാണെന്ന് മനസ്സിലാക്കുകയും ചെയ്യുക എന്നതാണ്. ഇബ്റാഹിം നബിؑയെ പോലെ തന്റെ മകനെ അറുക്കാനുള്ള കൽപന ഉണ്ടാവുമ്പോൾ, അല്ലെങ്കിൽ തന്നെ തീയിലിടാനുള്ള കൽപനയുണ്ടാകുമ്പോൾ സ്നേഹത്തിന്റെ ആവേശം കാരണമായി അതിന് തയ്യാറാവുക. അല്ലാഹുവിനെ പിൻ പറ്റുന്ന കാര്യത്തിൽ ഒരു കുറവും ഉണ്ടാകാത്ത വിധത്തിൽ അവനോടുള്ള സ്നേഹം ഉണ്ടായിരിക്കേണ്ടതാണ്. ഇത് വളരെ ഇടുങ്ങിയ വാതിലാണ്. വളരെ കൈപ്പുള്ള ശർബത്താണ്. വളരെ കുറച്ചാളുകൾ മാത്രമേ ഈ വാതിലിലൂടെ കടന്നുപോകുകയും ഈ ശർബത്ത് കുടിക്കുകയും ചെയ്യുകയുള്ളൂ. വ്യഭിചാരത്തിൽ നിന്ന് വിട്ട് നിൽക്കുക എന്നത് വലിയ കാര്യമല്ല. അനാവശ്യമായി ആരെയും വധിക്കാതിരിക്കുക എന്നതും വലിയ പ്രവർത്തിയല്ല, കള്ളസാക്ഷ്യം നൽകാതിരിക്കുക എന്നതു വലിയ കാര്യമല്ല, എന്നാൽ എല്ലാ കാര്യത്തിനും അല്ലാഹുവിനെ സ്വീകരിക്കുകയും അവനോടുള്ള സ്നേഹത്തിൽ ലോകത്തുള്ള എല്ലാ ബുദ്ധിമുട്ടുകളും സഹിക്കുകയും ചെയ്യുക എന്നത് സിദ്ധീഖിങ്ങൾക്കെല്ലാതെ മറ്റാർക്കും കരസ്ഥമാക്കാൻ സാധിക്കുന്നതല്ല. ഈ ഒരു ആരാധന നടത്താൻ വേണ്ടിയാണ് മനുഷ്യൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്. ഏതൊരാൾ ഈ വിധത്തിൽ ഇബാദത്ത് അനുഷ്ഠിക്കുന്നുവോ ആ സമയത്ത് അവനുവേണ്ടി അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് ഒരു പ്രവർത്തി ഉണ്ടാകുന്നു. അതിന്റെ പേരാണ് പ്രതിഫലം. ഏതുപോലെ ഏന്നാൽ അല്ലാഹു വിശുദ്ധഖുർആനിൽ ഇപ്രകാര ദുആ പഠിപ്പിക്കുന്നു,

اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ۝٦

صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ

അല്ലാഹുവേ നീ ഞങ്ങൾക്ക് നേരായ മാർഗ്ഗം കാണിച്ചുതരേണമേ. നീ അനുഗ്രഹിച്ചവരുടെ വഴിയിൽ, നിന്റെ പ്രത്യേകമായ അനുഗ്രഹം ലഭിച്ചവരുടെ വഴിയിൽ. അല്ലാഹുവിന്റെ നിയമം സേവനം സ്വീകരിക്കപ്പെട്ടാൽ ഏതെങ്കിലും രീതിയിൽ പാരിദോഷികം ലഭ്യമാക്കുക എന്നതാണ്. ആയതിനാൽ മറ്റുള്ളവർക്ക് ഉദാഹരണം കാണിക്കാൻ സാധിക്കാത്ത വിധത്തിൽ അത്ഭുത ദൃഷ്ടാന്തങ്ങൾ അടയാളമായി ലഭിക്കുന്നു. ഇതും അല്ലാഹുവിന്റെ പ്രത്യേകമായ ഇനാമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് ؑ നമ്മുടെ മുന്നിൽ വെച്ചിട്ടുള്ള ഈ കാര്യങ്ങൾ പൂർത്തിയാക്കാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നൽകുമാറാകട്ടെ. നാം പരിശ്രമിക്കുകയാണെങ്കിൽ അല്ലാഹു അനുഗ്രഹിക്കും. അല്ലാഹു അങ്ങനെതന്നെ ആക്കുമാറാകട്ടെ. ആമീൻ.


**വിവർത്തനം**
മൗലവി സഫർ അഹ്മദ് സാഹിബ്
മുബല്ലിഗ്-മാത്തോട്ടം, PHONE : 9633275123

KHUTHBA:
atba
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on 29 - 10 - 2010 at
London

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**